LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് ഉദ്യോഗാർത്ഥികളുടെ പേര് അയച്ചുകൊടുക്കുന്നതിനുള്ള മാനദണ്ഡം

18 [2668] ശ്രീ. സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഒഴിവുകളിൽ താൽക്കാലിക നിയമനത്തിന് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അയയ്ക്കുന്നതുകൂടാതെ കേന്ദ്ര ഗവൺമെന്റ് ഓഫീസുകൾ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഉദ്യോഗാർത്ഥികളുടെ പേരുകൾ അയച്ചുകൊടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം പുലർത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം നിയമനങ്ങൾക്ക് കഴിഞ്ഞ ഒരു വർഷത്തിനകം എത്രപേരെ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അതിൽ എത്ര പേർക്ക് നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത് ഉദ്യോഗദായകർ അറിയിക്കുന്ന വിദ്യാഭ്യാസ യോഗ്യത, വയസ്സ് മുതലായവയുടെ അടിസ്ഥാനത്തിലാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ ഉദ്യോഗദായകർ ആവശ്യപ്പെടുന്ന യോഗ്യതകൾ അനുസരിച്ചാണ് ഉദ്യോഗാർത്ഥികളെ നൽകുന്നത്.

(സി, ഡി) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 10 കൊല്ലം കഴിഞ്ഞിട്ടും ജോലി ലഭിക്കാത്തവർ

19 [2669] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 10 കൊല്ലം കഴിഞ്ഞിട്ടും ജോലി ലഭിക്കാത്ത എത്ര പേരുണ്ട്;

(ബി) ഇതിൽ ടെക്നിക്കൽ യോഗ്യതയുള്ളവരെത്രയാണ്;

(സി) അല്ലാത്തവരെത്രയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു ഉടനെ നൽകുന്നതാണ്.

വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

20 [2670] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിലുണ്ട്;

(ബി) എവിടെയൊക്കെയാണ് അവയുള്ളതെന്ന് അറിയിക്കാമോ;

(സി) വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത എക്സ്ചേഞ്ചുകളുടെ ലക്ഷ്യമെന്താണെന്നും അവയ്ക്കുള്ള പ്രവർത്തന മൂലധനത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ വികലാംഗർക്ക് ആറ് പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സംസ്ഥാനത്ത് നിലവിലുണ്ട്.

(ബി) തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിലുള്ളത്.

(സി) ആയിരത്തിലധികം വികലാംഗ ഉദ്യോഗാർത്ഥികൾ രജിസ്ട്രേഷനായി ലഭ്യമായ സ്ഥലങ്ങളിലാണ് വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അനുവദിച്ചിട്ടുള്ളത്.

(ഡി) തൊഴിൽ രഹിതരായ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ സഹായം നൽകുന്നതാണ്. വികലാംഗർക്കായുള്ള പ്രത്യേക എക്സ്ചേഞ്ചുകളുടെ പ്രധാന ലക്ഷ്യം വികലാംഗ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുവാൻ പ്രോൽസാഹിപ്പിക്കുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യുക, ഇപ്രകാരം നാമ നിർദ്ദേശം ലഭിച്ചവരുടെ നിയമനം

LIBRARY ARCHIVES Kerala Legislative Assembly